# പതിനാലാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6643** **21.11.2019-ൽ മറുപടിയ്ക്ക്**

**രാസവസ്തുക്കൾ ചേർത്തുളള മത്സ്യവില്പന**

| ചോദ്യം<br>ശ്രീ.ബി.സത്യൻ<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ.കെ.ജെ. മാക്സി<br>ശ്രീ.എം. രാജഗോപാലൻ | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) സംസ്ഥാനത്ത്, ആരോഗ്യത്തിന് ഹാനികരമായ പദാർത്ഥങ്ങൾ ചേർത്ത മത്സ്യം ധാരാളമായി വില്പനയ്ക്ക് എത്തുന്നുണ്ടെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഇപ്രകാരം രാസവസ്തുക്കൾ ചേർത്തുളള മത്സ്യവില്പന തടയുന്നതിന് ഭക്ഷ്യ വകുപ്പുമായി ചേർന്ന് എന്തെല്ലാം ശക്തമായ നടപടികളാണ് സ്വീകരിച്ചിട്ടുളളത്; | ബി) രാസവസ്തുക്കൾ കലർത്തിയുള്ള മത്സ്യ വിൽപ്പന തടയുവാൻ ഭക്ഷ്യസുരക്ഷാ ഉദ്യോഗ സ്ഥരും ഫിഷറീസ് ഉദ്യോഗസ്ഥരും അടങ്ങുന്ന സ്ക്വാഡുകൾ ജില്ലകൾ തോറും രൂപീകരിച്ച് പരിശോധന നടത്തി വരുന്നു. സംസ്ഥാന ത്തിന്റെ വിവിധഭാഗങ്ങളിലുള്ള മത്സ്യമാർക്കറ്റു കൾ, ലാന്റിങ്ങ് സെന്ററുകൾ, ഹാർബറുകൾ, മത്സ്യമൊത്തവ്യാപാര വിപണന ശാലകൾ എന്നിവ കേന്ദ്രീകരിച്ച് മത്സ്യത്തിൽ രാസ വസ്തുക്കൾ ഉപയോഗിച്ചുള്ള സംസ്കരണ ത്തിന്റെ ദൂഷ്യഫലങ്ങളെക്കുറിച്ചും ആയതു മൂലം ഉണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളെ ക്കുറിച്ചും മത്സ്യം വിപണനം ചെയ്യുന്ന കച്ചവട ക്കാർക്കും, ഏജന്റുമാർക്കും മൊത്തവ്യാപാരി കൾക്കും ബോധവത്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ മാർക്കറ്റുകൾ, ഹാർബറുകൾ തുടങ്ങിയവ കേന്ദ്രീകരിച്ച് നടത്തി വരുന്ന പരിശോധനയിൽ ആരോഗ്യ |

ത്തിന് ഹാനികരമായ രാസവസ്തുക്കൾ ചേർത്ത മത്സ്യമോ, പഴകിയ മത്സ്യമോ വിൽപ്പന നടത്തുന്നതായി കണ്ടെത്തിയാൽ വിൽപ്പന നടത്തിയവർക്കെതിരെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് ആക്ട് 2006 പ്രകാരം ശിക്ഷണ നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ വിവിധ ഹാർബറുകളിൽ നിന്നും മത്സ്യ മാർക്കറ്റുകളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധനകളും നടത്തി വരുന്നു. അമോണിയ, ഫോർമാലിൻ എന്നിവയുടെ സാന്നിദ്ധ്യം പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് കേന്ദ്രസർക്കാർ സ്ഥാപനമായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് സാങ്കേതിക വിദ്യയും പ്രയോജനപ്പെടുത്തി വരുന്നു. ഗുണനിലവാരം ഉറപ്പാക്കിയുള്ള മത്സ്യവിൽപ്പന ഉറപ്പുവരുത്തുവാൻ കഴിയുന്ന വിധത്തിൽ നിയമ നിർമ്മാണവും സർക്കാർ പരിഗണനയിലാണ്.

അന്യ സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടു വരുന്ന മത്സ്യം പരിശോധിക്കുന്നതിലേക്കായി സംസ്ഥാനത്തെ ചെക്ക് പോസ്റ്റുകൾ, റെയിൽവേ സ്റ്റേഷൻ, ലേലസ്ഥലങ്ങൾ, എന്നിവിടങ്ങളിൽ പരിശോധന നടത്തി മത്സ്യത്തിന്റെ സ്റ്റാറ്റ്യൂട്ടറി/സർവ്വയിലൻസ് സാമ്പിളുകൾ ശേഖരിക്കുകയും പരിശോധനയ്ക്കയക്കുകയും ചെയ്തിട്ടുണ്ട്. ആരോഗ്യത്തിന് ഹാനികരമായി റിപ്പോർട്ട് ചെയ്യപ്പെട്ടവയ്ക്കെതിരായി ഭക്ഷ്യ സുരക്ഷാ വകുപ്പ് മുഖാന്തിരം നടപടി സ്വീകരിച്ചു വരുന്നു. അന്യ സംസ്ഥാന ങ്ങളിൽ നിന്നും വരുന്ന മത്സ്യങ്ങളിൽ മായം ചേർത്തതായി ശ്രദ്ധയിൽപ്പെട്ടാൽ അവ തിരിച്ചയച്ച് നശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

| | |
|---|---|
| സി) വൃത്തിയുള്ളതും മായം ചേർക്കാത്തതുമായ മത്സ്യം വിൽപ്പന നടത്തുന്നതിന് മത്സ്യഫെഡ് ഫ്രെഷ് ഫിഷ് സൂപ്പർമാർക്കറ്റുകൾ ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | സി) സംസ്ഥാനത്തെ പ്രധാന നഗരങ്ങൾ കേന്ദ്രീകരിച്ച് ഫ്രഷ് ഫിഷ് സൂപ്പർ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മത്സ്യഫെഡിന്റെ ആഭിമുഖ്യത്തിൽ 'അന്തിപ്പച്ച' എന്ന പേരിൽ ആരംഭിച്ചിട്ടുള്ള 5 മൊബൈൽ ഫിഷ് മാർട്ടുകൾ മുഖേന ഓരോ ദിവസവും മത്സ്യബന്ധന ഹാർബറുകളിൽ മത്സ്യത്തൊഴിലാളികൾ പിടിച്ചു കൊണ്ടുവരുന്ന മത്സ്യം ഫ്രെഷ് ആയി ഉപഭോക്താക്കളിൽ എത്തിക്കുന്നുണ്ട്. ഇത് വ്യാപകമാക്കുന്നതാണ്. |

**സെക്ഷൻ ആഫീസർ**